മലയാള മനോരമ

23 February 2023

# മത്സ്യഡോക്ടർമാരെ നിയമിക്കണം: ശിൽപശാല

കൊച്ചി ● മത്സ്യമേഖലയിൽ ആന്റിബയോട്ടിക് ഉൾപ്പെടെ രാസപദാർഥങ്ങളുടെ ദുരുപയോഗം തടയാൻ മത്സ്യഡോക്ടർമാരെ നിയമിക്കണമെന്ന് ഇന്തോ-യുകെ വൺഹെൽത്ത് അക്വാകൾചർ ശിൽപശാല അഭിപ്രായപ്പെട്ടു. യുകെ സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ എൻവയൺമെന്റ്, ഫുഡ് ആൻഡ് റൂറൽ അഫയേഴ്സും (സിഫാസ്) കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനവും (സിഎംഎഫ്ആർഐ) ചേർന്നാണു ശിൽപശാല സംഘടിപ്പിച്ചത്.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഡോ. സി. രാമചന്ദ്രൻ, ഡോ. പി.കെ. പാണ്ഡെ, ഡോ. പി.കൃഷ്ണൻ, പ്രഫ. ഡേവിഡ് ബാസ്, ഡോ. ടോംസ് സി. ജോസഫ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.